# വാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ്സ് : 7 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

- *മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.*
- *ആകെ ആറു ചോദ്യങ്ങളാണുള്ളത്. ഇതിൽ അഞ്ചെണ്ണം എഴുതിയാൽ മതി.*

---

**പ്രവർത്തനം 1 - ആസ്വാദനക്കുറിപ്പ്**

'വെള്ളപ്പൊക്കം' എന്ന കവിതയിൽ നിങ്ങൾ മഴയുടെ വരവ് അനുഭവിച്ചല്ലോ. മറ്റൊരു മഴക്കവിത പരിചയപ്പെടാം. കവിതയുടെ ആശയം, വരികളുടെ സൗന്ദര്യം, പ്രയോഗഭംഗി, നിങ്ങളുടെ അഭിപ്രായം ഇവ ഉൾപ്പെടുത്തി കവിതയ്ക്ക് **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.

*ഉച്ചനേരത്തൊരു കൊച്ചുമയക്കത്തിൽ*
*പിച്ചവച്ചെത്തിയ കാർമുകിലേ*
*തല്ലിച്ചിതറുന്ന ചില്ലുകണക്കെയെൻ*
*മുന്നിലുൻമാദിനിയായ് പൊഴിയൂ..*
*പൂക്കുന്ന തൈമാവിൻ ചില്ലകളും*
*നിരന്നാടുന്ന കൈതോലക്കൂട്ടങ്ങളും*
*കാറ്റത്തു ചാഞ്ചാടിയാടും വയൽപ്പൂവും* (ഉൻമാദിനി - ഭ്രാന്തി)
*മഴപ്പെണ്ണിൻ കുളിരേറ്റു വാങ്ങുന്നുവോ..?*

(മഴ - മോഹൻ)

**പ്രവർത്തനം 2 - പ്രതികരണക്കുറിപ്പ്**

(എ) "സ്വാർഥമതിയായ മനുഷ്യൻ പ്രകൃതിയെ കീഴടക്കുവാൻ തക്ക ശക്തിയുള്ളവനെന്ന് അഹങ്കരിക്കുന്നു. ഈ ഭൂമിയിൽ ജീവിക്കുന്നതിനുള്ള അവകാശം സർവചരാചരങ്ങൾക്കുമുണ്ട്."
'അശാന്തിയുടെ വേനലിലെ കുളിര്' എന്ന പാഠഭാഗം മുൻനിർത്തി മുകളിലെ പ്രസ്താവനയോടുള്ള നിങ്ങളുടെ **പ്രതികരണം കുറിപ്പായി** എഴുതുക.

(ബി) സി.രാധാകൃഷ്ണന്റെ നോവൽ അല്ലാത്തതേത്?
(തീക്കടൽ കടഞ്ഞ് തിരുമധുരം, മുൻപേ പറക്കുന്ന പക്ഷികൾ, ഇനി ഞാനുറങ്ങട്ടെ)

**പ്രവർത്തനം 3 - കത്ത്**

(എ) കരിഞ്ഞുണങ്ങാറായ ചെടിക്ക് ഒരിറ്റു വെള്ളം നൽകുന്നതു പോലെയാണ് സ്നേഹവും പരിഗണനയും ലഭിക്കാത്ത ജീവിതങ്ങളോട് അല്പം കരുണ കാട്ടുന്നത്. 'അശ്വതി' എന്ന കഥയിൽ ഇത് നിങ്ങൾ തിരിച്ചറിഞ്ഞിട്ടുള്ളതാണല്ലോ... കഥാകൃത്തായ ശ്രീ. ടി. പദ്മനാഭന്റെ ഉള്ളിലെ നൻമ, അദ്ദേഹം പെൺകുട്ടിയോട് കാട്ടിയ സ്നേഹം തുടങ്ങിയവ പരിഗണിച്ചു കൊണ്ട് അദ്ദേഹത്തിന് ഒരു **അഭിനന്ദനക്കത്ത്** തയാറാക്കുക.

(ബി) 'അശ്വതി' എന്ന കഥയിലെ ഒരു കഥാപാത്രമാണ് (കുന്ന്, പുഴ, കടൽ)

**പ്രവർത്തനം 4 - താരതമ്യക്കുറിപ്പ്**

'മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും' എന്ന പാഠത്തിലെ ഉത്തമനെയും ജൻട്രിയെയും പരിചയപ്പെട്ടല്ലോ. തുടക്കത്തിലെ പിണക്കങ്ങൾ മറന്ന് ഒടുവിൽ അവർ ഒന്നിക്കുകയാണ്. രണ്ടു പേരുടെയും കാഴ്ചപ്പാടിലും ജീവിതരീതിയിലും സ്വഭാവത്തിലും ഒത്തിരി സാമ്യവ്യത്യാസങ്ങളുണ്ട്. ഇവ പരിഗണിച്ച് ഇരുവരുടെയും സ്വഭാവം **താരതമ്യപ്പെടുത്തി ഒരു കുറിപ്പു** തയാറാക്കുക.

**പ്രവർത്തനം 5 - നിവേദനം**

നാൽപ്പത്തിനാലു നദികളാൽ സമ്പന്നമാണ് നമ്മുടെ കേരളം. എന്നാൽ ആവശ്യത്തിനുള്ള ശുദ്ധജലം നമുക്ക് ലഭിക്കുന്നുണ്ടോ? പുഴകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? എങ്ങനെയാണ് നമ്മുടെ പുഴകൾ മലിനമാക്കപ്പെടുന്നത്? പുഴ കൊണ്ടുള്ള ഉപയോഗങ്ങൾ, അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, നിങ്ങളുടെ നിർദേശങ്ങൾ ഇവ പരിഗണിച്ചു കൊണ്ട് മൂന്നോ നാലോ ഖണ്ഡികയിൽ ജലസേചന വകുപ്പുമന്ത്രിക്കു സമർപ്പിക്കാനായി ഒരു **നിവേദനം** തയാറാക്കൂ..

**പ്രവർത്തനം 6 - ജീവചരിത്രക്കുറിപ്പ്**

വൈക്കം മുഹമ്മദ് ബഷീർ (1908 - 1994)

- സാധാരണക്കാരന്റെ രചനകളിലൂടെ ജനകീയനായി.
- ബേപ്പൂർ സുൽത്താൻ.
- തന്റേതു മാത്രമായ ശൈലികളും ജീവിതവും.
- ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, മുച്ചീട്ടുകളിക്കാരന്റെ മകൾ, പ്രേമലേഖനം, പാത്തുമ്മായുടെ ആട്, മതിലുകൾ, വിശ്വവിഖ്യാതമായ മൂക്ക്, ആനവാരിയും പൊൻകുരിശും.....
- പ്രധാന ഇന്ത്യൻ ഭാഷകളിലും വിദേശഭാഷകളിലും കൃതികൾ വിവർത്തനം ചെയ്യപ്പെട്ടു.
- ജനുവരി 21 ജനനം, ജൂലൈ 5 മരണം.
- പദ്മശ്രീ, ഡി-ലിറ്റ് ബിരുദം, പ്രേം നസീർ അവാർഡ്, കേന്ദ്ര - കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം....

കൊടുത്തിട്ടുള്ള വിവരങ്ങളും നിങ്ങൾക്കറിയാവുന്ന മറ്റു വസ്തുതകളും ഉൾപ്പെടുത്തി വൈക്കം മുഹമ്മദ് ബഷീറിന്റെ **ജീവചരിത്രക്കുറിപ്പ്** തയാറാക്കുക.